"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് — ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ — പി.ജി. വിദ്യാർത്ഥികളുടെ ഗൈഡ് അഭാവം പരിഹരിക്കുന്നതിനായി താൽക്കാലിക ക്രമീകരണം — 02.09.2025-ലെ സ.ഉ.(സാധാ) നം.449/2025/ആയുഷ് ഉത്തരവ് ഭേദഗതി വരുത്തി— ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.217/2026/AYUSH തീയതി,തിരുവനന്തപുരം, 01-04-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.449/2025/AYUSH തീയതി 02.09.2025

2. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറുടെ 08.01.2026-ലെ ജി.എച്ച്.എം.സി.ടി./979/2025-സി3 നമ്പർ കത്ത്

**ഉത്തരവ്**

ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലെ പി.ജി. വിദ്യാർത്ഥികളുടെ ഗൈഡ് അഭാവം പരിഹരിക്കുന്നതിനായി താൽക്കാലിക ക്രമീകരണം ഏർപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 3 (f)-ൽ കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ഓർഗനൺ ഓഫ് മെഡിസിൻ & ഹോമിയോപ്പതിക് ഫിലോസഫി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അലൻ എം എന്ന പേരിൽ ഒരു പി.ജി. വിദ്യാർത്ഥിക്ക് ഗൈഡ് ഷിപ്പ് അനുവദിച്ചതായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഡോ. അലൻ എം കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ പ്രാക്ടീസ് ഓഫ് മെഡിസിൻ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജീവനക്കാരനാണെന്നും ആയതിനാൽ ഡോ. അലൻ എം എന്നതിനു പകരം ഡോ. അമീർ സി.റ്റി (Assistant Professor, Dept of Organon of Medicine and Homoeopathic Philosophy) എന്ന് തിരുത്തി ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 3 (f) -ൽ പരാമർശിച്ചിരിക്കുന്ന "കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ഓർഗനൺ ഓഫ് മെഡിസിൻ വകുപ്പിലെ ഡോ.അലൻ എം-ന് നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതിയുടെ 14.02.2025 -ലെ ഭേദഗതി പ്രകാരം ഒരു പി.ജി വിദ്യാർത്ഥിയ്ക്ക് ഗൈഡ് ഷിപ്പ് നൽകുന്നതിന് അനുവാദം നൽകുന്നു" എന്നത് തിരുത്തി, "കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ ഓർഗനൺ ഓഫ് മെഡിസിൻ വകുപ്പിലെ ഡോ.അമീർ സി.റ്റി യ്ക്ക് നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതിയുടെ 14.02.2025 -ലെ ഭേദഗതി പ്രകാരം ഒരു പി.ജി വിദ്യാർത്ഥിയ്ക്ക് ഗൈഡ്

ഷിപ്പ് നൽകുന്നതിന് അനുവാദം നൽകുന്നു" എന്നാക്കി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം

പ്രിൻസിപ്പാൾ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, കോഴിക്കോട്

രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (പകർപ്പ്, പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

വെബ് സൈറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Pradeep V R
Date: 07-04-2026 11:04:46

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പി.എസ് ന്